സുബിൻ കൊലക്കേസ്

40 (40) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കരിവന്നൂർ എട്ടുമുന സ്വദേശി സുബിൻ ഡൽഹിയിൽ വച്ച് കൊലചെയ്യപ്പെട്ട സംഭവത്തെക്കുറിച്ചുള്ള അന്വേഷണം പൂർത്തിയായോ ; കേസിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ;

(ബി) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലും ഡൽഹി ആശുപത്രിയിലും വച്ച് നടന്ന പോസ്റ്റ്മോർട്ടം റിപ്പോർട്ടുകളിൽ മരണത്തെക്കുറിച്ച് എന്താണ് പറയുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാന സർക്കാർ ഇത് സംബന്ധിച്ച് ഡൽഹി ഗവൺമെന്റിനോട് അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിനായി ആവശ്യപ്പെട്ടു കൊണ്ട് എഴുതിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ കേസിന്റെ അന്വേഷണം ചേർപ്പ് പോലീസ് സ്റ്റേഷനിൽ അവസാനിപ്പിച്ച് തുടർന്നുള്ള അന്വേഷണത്തിനായി ഡൽഹി പോലീസിന് അയച്ചു കൊടുത്തു. ഡൽഹി പോലീസ് ക്രൈം 75/2000 യു/എസ്302 ഐ.പി.സി.ആയി അന്വേഷണം നടത്തി വരുന്നു.

(ബി) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടത്തിയ റീ പോസ്റ്റ്മോർട്ടം പരിശോധനയിൽ "death due to murder by fire arm " എന്നാണ് അഭിപ്രായപ്പെട്ടിരുന്നത്. ഡൽഹിയിലെ റിപ്പോർട്ടിനെക്കുറിച്ച് അറിവായിട്ടില്ല.

(സി) ഡൽഹി പോലീസ് എഴുതിയിട്ടുണ്ട്. കേസന്വേഷണം സി.ബി.ഐ. അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള സുബിന്റെ രക്ഷകർത്താവിന്റെ പരാതി അനുകൂല തീരുമാനമെടുക്കണമെന്ന ശുപാർശയോടുകൂടി പ്രധാനമന്ത്രിക്ക് അയച്ചു കൊടുത്തു.

രാഷ്ട്രീയ കൊലപാതകങ്ങൾ

41 (41) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ സംസ്ഥാനത്ത് നടന്നു ;

(ബി) ഓരോ വർഷവുമുള്ള കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം രാഷ്ട്രീയപാർട്ടിയിലുള്ളവരാണ് കൊല്ലപ്പെട്ടിട്ടുള്ളത് ; എത്ര വീതം ;

(ഡി) മരണമടഞ്ഞവരുടെ കുടുംബത്തിന് ഏതെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 53 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(ബി) 1996-ൽ ആകെ 7

കണ്ണൂർ	1
തൃശ്ശൂർ	1
പത്തനംതിട്ട	3
കോട്ടയം	1
കൊല്ലം	1

1997-ൽ ആകെ 15

തിരുവനന്തപുരം	1
കൊല്ലം	1
ആലപ്പുഴ	1
കോട്ടയം	2
തൃശ്ശൂർ	1
കോഴിക്കോട്	3
കണ്ണൂർ	3
കാസർഗോഡ്	3

1998-ൽ ആകെ 13

തിരുവനന്തപുരം	1
ആലപ്പുഴ	1
തൃശ്ശൂർ	2
കോഴിക്കോട്	1
കണ്ണൂർ	6
കാസർഗോഡ്	2

1999-ൽ ആകെ 12

തിരുവനന്തപുരം	1
പാലക്കാട്	1
കോഴിക്കോട്	1

LIBRARY ARCHIVES Kerala Legislative Assembly

	കണ്ണൂർ	9
2000-ൽ 6		
	തൃശ്ശൂർ	1
	മലപ്പുറം	1
	കണ്ണൂർ	1
	കാസർഗോഡ്	3

(സി)

1.	ബി.ജെ.പി./എ.ബി.വി.പി./ബി.ജെ.വൈ.എം	- 26
2.	സി.പി.എം/ഡി.വൈ.എഫ്.ഐ.	- 20
3.	കോൺഗ്രസ്സ് (ഐ)	- 4
4.	ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് ലീഗ്	- 1
5.	ഐ.യു.എം.എൽ	- 2

(ഡി) വിവരം ശേഖരിച്ചു വരുന്നു.

പോലീസ് സ്റ്റേഷനുകളുടെ നവീകരണം

42 (42) ശ്രീ. കെ. ബാബു :
ശ്രീമതി രാധാരാഘവൻ:
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി. ജെ. പൗലോസ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകൾ നവീകരിക്കുന്നത് സംബന്ധിച്ച് കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ ;

(സി) ഇതിനു എന്തു ചെലവ് വേണ്ടി വരുമെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഇതിനായി കേന്ദ്ര സഹായം ലഭിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പോലീസ് സ്റ്റേഷനുകൾ നവീകരിക്കുന്നത് സംബന്ധിച്ച് കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടില്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പോലീസ് സ്റ്റേഷനുകൾ നവീകരിക്കുന്നതിനു കേന്ദ്ര സഹായം ലഭിക്കുന്നില്ല. എന്നാൽ പോലീസ് സേനയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly